**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **10-08-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യതൊഴിലാളികൾക്ക് വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ബീച്ചിൽ മത്സ്യതൊഴിലാളികളുടെ ആവശ്യത്തിനായി നിർമ്മിച്ചതും നിലവിൽ ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ നവീകരിച്ച് മത്സ്യതൊഴിലാളികൾക്ക് ഉപകാരപ്രദമായ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ബീച്ചിൽ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി ബീച്ച് നവീകരണം, നിലവിൽ തീർത്തും ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി വയോജന പാർക്ക്, റീഹാബിലിറ്റേഷൻ കം ഓഡിറ്റോറിയം, ഫിഷ് ലാന്റിംഗ് സെന്റർ, നെറ്റ് മെന്റിംഗ് യാർഡ്, ഹെൽത്ത് സബ് സെന്റർ, അംഗൻവാടി, ലൈബ്രറി, ഗ്രീൻബെൽറ്റ് എന്നീ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.<br><br>വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാന്റിംഗ് സെന്ററിന്റെ കിഴക്ക് ഭാഗത്തുള്ള ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഉപയോഗശൂന്യമായ കെട്ടിടങ്ങൾ ഒഴിവാക്കി അവിടെ ഒരു ഹാച്ചറി നിർമ്മിക്കുന്നതിന് ഒരു പ്രൊപ്പോസൽ നിലവിലുള്ളതിനാൽ ടി കെട്ടിടങ്ങൾ നവീകരിക്കാൻ പദ്ധതിയില്ല. |
| (ബി) | മണ്ഡലത്തിൽ മത്സ്യതൊഴിലാളി മേഖലയ്ക്കും തീരദേശ നിവാസികൾക്കും വേണ്ടി കഴിഞ്ഞ 7 വർഷമായി നടത്തിയ പ്രവർത്തങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര രൂപ ഈ കാലയളവിൽ ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഏതൊക്കെ പ്രവൃത്തിയുടെ എസ്റ്റിമേറ്റുകളാണ് ഈ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) | എൽ.എൽ.പി.എസ്. വള്ളിക്കുന്നിന് 10 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി നടപടികൾ പൂർത്തീകരിച്ചാൽ ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>വള്ളിക്കുന്ന് വനാമി ഹാച്ചറി ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജി.യു.പി.എസ് അരിയല്ലൂർ കിഫ്ബി | 185 |
| 2 | ജി.എൽ.പി.എസ്. വള്ളിക്കുന്ന് | 60.27 |
| 3 | നെറ്റ് മെന്റിംഗ് യാർഡ് കടലുണ്ടി നഗരം | 47 |
| 4 | ജി.യു.പി.എസ് അരിയല്ലൂർ (നബാർഡ്) | 120 |
| 5 | ജി.എഫ്.എൽ.പി.എസ്. കടലുണ്ടി നഗരം | 85 |
| 6 | പി.എച്ച്.സി. അത്താണിക്കൽ | 80 |

അരിയല്ലൂർ ജി.യു.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കുകയും സ്പോർട്സ് ഉപകരണങ്ങളുടെ വിതരണം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ വള്ളിക്കുന്ന് മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## <u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലഴിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | സ്റ്റേറ്റ് ബഡ്ജറ്റ് പദ്ധതികൾ | | | |
| 1 | ജി.യു.പി.എസ്. അരിയല്ലൂർ സ്മാർട്ട് ക്ലാസ് റൂം, നിർമ്മാണം | 7.00 | 3.81 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എഫ്.എൽ.പി.എസ്. ആനങ്ങാടി – സ്പോർട്സ് കിറ്റ് വിതരണം | 3.00 | 0.44 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.യു.പി.എസ്. - അരിയല്ലൂർ സ്പോർട്സ് | 3.00 | 0.76 | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | കിറ്റ് വിതരണം | | | |
| | കിഫ്ബി പദ്ധതികൾ | | | |
| 4 | ജി.എൽ.പി.എസ്. വള്ളിക്കുന്ന് | 60.27 | 46.14 (ഭാഗിക ബില്ല്) | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.യു.പി.എസ്. അരിയല്ലൂർ | 185.96 | 123.177 (ഭാഗിക ബില്ല്) | പദ്ധതി പൂർത്തീകരിച്ചു |

**മത്സ്യഫെഡ്**

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിൽ കഴിഞ്ഞ 7 വർഷമായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മത്സ്യബന്ധന ഉപകരണ വായ്പയായി 1,50,04,058/- (ഒരു കോടി അൻപത് ലക്ഷത്തി നാലായിരത്തി അൻപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
- എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി സഹകരണ സംഘത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങൾക്ക് നൽകി വരുന്ന മൈക്രോഫിനാൻസ് വായ്പ പദ്ധതി പ്രകാരം 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

കഴിഞ്ഞ 7 വർഷത്തിനുള്ളിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ പൂർത്തീകരിച്ച 34 തീരദേശ റോഡുകൾക്കായി 14.948 കോടി രൂപയും ആനങ്ങാടി (കടലുണ്ടി നഗരം) ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിയ്ക്കുവേണ്ടി 88.00 ലക്ഷം രൂപയും കടലുണ്ടി അഴിമുഖത്ത് മിനി ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിക്കു വേണ്ടി 40 ലക്ഷം രൂപയും വിനിയോഗിച്ചു.

സെക്ഷൻ ഓഫീസർ